# കേരള സർവകലാശാല

നം. പി.ആർ.022/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.കോം ഫലം: ഒന്നാം റാങ്ക് വിജിതയ്ക്ക്

കേരള സർവകലാശാല ജൂൺ/ജൂലൈയിൽ നടത്തിയ എം.കോം (നോൺ സെമസ്റ്റർ - പ്രീവിയസ് & ഫൈനൽ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. വിജിത എ (രജി.നം 27449) ഒന്നാം റാങ്ക് നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ അപേക്ഷിക്കാം.

## ടെലിഫോൺ കൗൺസലിംഗ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം 10, പ്ലസ് ടു പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ടെലഫോൺ കൗൺസലിംഗ് സൗകര്യം ഒരുക്കുന്നു. പരീക്ഷാസംബന്ധമായ സമ്മർദ്ദം, ഭീതി, അമിത ഉത്കണ്ഠ മറ്റ് വൈകാരിക മാനസിക പ്രശ്നങ്ങൾ എന്നിവ ടെലിഫോണിൽകൂടി പങ്കുവെച്ച് വിദ്യാർത്ഥിയുടെ മാനസിക സംഘർഷം ലഘൂകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സർവകലാശാല പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ നാല് മണിവരെ നടത്തുന്ന കൗൺസലിംഗ് സേവനം സൗജന്യമായിരിക്കും. പേഴ്സണൽ കൗൺസിലിംഗ്, റഫറൽ സർവീസ് എന്നിവ ലഭിക്കും. ഫോൺ 0471–2302524.

(ഒപ്പ്)

സർവകലാശാല മന്ദിരം, ഡോ. ലാൽ സി.എ.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

27.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098